## ചോദ്യോത്തരം
### മുജീബ്

# ആഘോഷങ്ങളുടെ ഏകീകരണം

■ *ഒരേ ലക്ഷ്യത്തിനു വേണ്ടി ഒരു കേന്ദ്രത്തെ ഖിബ്‌ലയാക്കി ഒറ്റ ആദർശത്തിൽ വിശ്വസിക്കുന്ന മുസ്‌ലിം സമൂഹത്തിന് അവരുടെ ആഘോഷ, വിശേഷ ദിവസങ്ങൾ ഏകീകരിക്കാൻ കഴിയാത്ത ഇന്നത്തെ ദുരവസ്ഥ, പ്രവാചകനോ ഖുലഫാഉർറാശിദുകളോ ഉണ്ടായിരുന്നെങ്കിൽ അനുവദിക്കുമായിരുന്നോ? നമ്മുടെ ഖിബ്‌ലയായ കഅ്ബാശരീഫ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ കാലഗണന സ്വീകരിക്കുന്നതിനെകുറിച്ച് ഗവേഷണം നടത്തിക്കൂടേ? ഇജ്തിഹാദിന്റെ കവാടം എന്നോ കൊട്ടിയടച്ച യാഥാസ്ഥിതികരിൽനിന്ന് ഇതിനൊരു പരിഹാരം പ്രതീക്ഷിക്കേണ്ടതില്ല. സമുദായത്തെ മൊത്തം പരിഹാസ്യമാക്കുന്ന ഇത്തരം പ്രശ്നങ്ങൾക്കുനേരെ ധീരമായ നിലപാടെടുക്കാൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന് ഇനിയും സമയമായില്ലേ?*

***കുഞ്ഞുമുഹമ്മദ്, തിരുവത്ര***

**മു**സ്‌ലിം ലോകത്തിന്റെ സുദിനങ്ങൾക്കും ആഘോഷങ്ങൾക്കും ഒരേകീകൃത കലണ്ടർ എന്ന ആശയം ഏറെ പ്രസക്തവും പ്രധാനവുമാണ്. ആ വഴിക്കുള്ള ചിന്തകളും ആലോചനകളും പഠനങ്ങളും എത്രയോ കാലമായി നടക്കുന്നു. പ്രമാണങ്ങളുടെ വ്യാഖ്യാനങ്ങളിൽ തട്ടിയും ഗോളശാസ്ത്ര നിഗമനങ്ങളെ സ്വാംശീകരിക്കുന്നതിനെച്ചൊല്ലിയുള്ള വിവാദങ്ങളിൽ തീർപ്പ് കൽപിക്കാനാവാതെയും ഭിന്നത അതേപടി തുടരുന്നു. മക്കയോ മദീനയോ അടിസ്ഥാനമാക്കി ഹിജ്റാ കലണ്ടർ ഏകീകരണം എന്ന അഭിപ്രായത്തോട് സുഊദി അറേബ്യയിലെ ആധികാരിക മതകേന്ദ്രങ്ങൾ പോലും യോജിപ്പ് പ്രകടിപ്പിച്ചിട്ടില്ല. ഇജ്തിഹാദ് വിലക്കിയ യാഥാസ്ഥിതികർ മാത്രമല്ല, അത് അനുവദിക്കുന്ന സലഫികളും ചന്ദ്രമാസപ്പിറവിയുടെ കാര്യത്തിൽ ഏകാഭിപ്രായക്കാരല്ല. ഭൂമിശാസ്ത്രപരമായും ഗോളശാസ്ത്രപരമായും ഉദയസ്ഥാനം ഏറെ വ്യത്യസ്തമല്ലാത്ത ദിക്കുകളിൽ എവിടെ മാസപ്പിറവി ദൃശ്യമായാലും അത് പൊതുവെ അംഗീകരിക്കണമെന്ന നിർദേശം പോലും സ്വീകാര്യത നേടിയിട്ടില്ല. അതേസമയം മുസ്‌ലിം നാടുകളിൽ ഉത്തരവാദപ്പെട്ട മന്ത്രാലയമോ വകുപ്പോ റമദാൻ, ശവ്വാൽ, ദുൽഹജ്ജ് മാസപ്പിറവികൾ പ്രഖ്യാപിച്ചു കഴിഞ്ഞാൽ അത് ആ നാടുകളിൽ പൊതുവെ സ്വീകരിക്കപ്പെടാറുണ്ട്. അമുസ്‌ലിം ഭൂരിപക്ഷ നാടുകളിലെ മുസ്‌ലിം സമൂഹങ്ങളിലാണ് ഭിന്നത ഏറ്റവും രൂക്ഷം. ഏകീകൃത നേതൃത്വമോ സംഘടനയോ ഇല്ലാത്തതാണ് മുഖ്യകാരണം. വാളെടുത്തവനൊക്കെ വെളിച്ചപ്പാട് എന്നതാണവസ്ഥ. ഇന്ത്യയും കേരളവുമൊക്കെ പല ദിവസങ്ങളിൽ നോമ്പെടുക്കാനും പെരുന്നാളാഘോഷിക്കാനും കാരണം ഈ അനാഥത്വമാണ്. ഇതിനിടയിൽ ഇസ്‌ലാമിക പ്രസ്ഥാനം കൂടി സ്വന്തമായ ഒരു ഇജ്തിഹാദ് നടത്താൻ പോയാൽ ഭിന്നത ഒന്നുകൂടി വർധിക്കും എന്ന ഗുണമേയുള്ളൂ. അതിനാൽ അതത് മഹല്ലുകളിലെ ഭൂരിപക്ഷ തീരുമാനത്തെ അനുകൂലിക്കുകയാണ് പ്രസ്ഥാനപ്രവർത്തകർ സാമാന്യമായി ചെയ്തുവരുന്നത്. പരമപ്രധാനമായ സമുദായ ഐക്യവും വ്യക്തികളുടെ ഇജ്തിഹാദും ഏറ്റുമുട്ടുമ്പോൾ ഐക്യത്തിന്റെ താൽപര്യങ്ങൾക്കാണ് പ്രസ്ഥാനം പ്രഥമ പരിഗണന നൽകുന്നത്. ഖുർആനും സുന്നത്തും തന്നെയാണ് ഈ നിലപാടിനടിസ്ഥാനം.

## ജമാഅത്തിന്റെ രാഷ്ട്രീയ നിലപാട്

■ *'കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തോടൊപ്പംനിന്ന ജമാഅത്തെ ഇസ്‌ലാമിയുടെ നിലപാട് സ്ഥായിയല്ല. പ്രശ്നങ്ങളോടുള്ള സമീപനമാണ് ജമാഅത്തിനെ ഇത്തരം ഒരു നിലപാട് അവലംബിക്കാൻ പ്രേരിപ്പിച്ചത്. എങ്കിൽ അത്തരം പ്രശ്നങ്ങളിൽനിന്നെല്ലാം ഇടതുപക്ഷം ബഹുദൂരം വ്യതിചലിച്ചിരിക്കെ ജമാഅത്തിന് സ്വന്തം നിലപാട് തിരുത്തുവാനുള്ള സാധ്യത വളരെ കൂടുതലാണ്. ലോകബാങ്ക്, എ.ഡി.ബി, ബി.ഒ.ടി മുതലായ അധിനിവേശത്തിന്റെ ആർഭാടങ്ങളൊക്കെയും ഇടതുപക്ഷത്തിന്റെ അജണ്ടയിൽ സ്ഥാനംപിടിച്ച സ്ഥിതിക്ക് ഏത് പ്രശ്നത്തിന്റെ പേരിലാണ് ഇനിയും ഇടതുപക്ഷത്തെ പിന്തുണക്കുക? വഖഫ് ബോർഡും ഹജ്ജ് കമ്മിറ്റിയും സച്ചാർ എന്നിത്യാദി അച്ചാർ ഭരണികളൊന്നും ഒരു കാലത്തും ജമാഅത്തിന്റെ തൊട്ടുകൂട്ടാനുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥിതിക്ക് ഒരു പുനർവിചിന്തനത്തിന് ജമാഅത്ത് തയാറെടുക്കുക എന്നത് സമയത്തിന്റെ മാത്രം പ്രശ്നമാണ്' (ചന്ദ്രിക, 2007 നവംബർ 23 വെള്ളി)*

മുജീബ് എന്തുപറയുന്നു?

***നസീർ പള്ളിക്കൽ , രിയാദ്***

**നി**യമസഭാ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്ക് ജമാഅത്തെ ഇസ്‌ലാമി പിന്തുണ പ്രഖ്യാപിച്ചപ്പോൾ തന്നെ അതിനുള്ള കാരണങ്ങളും വ്യക്തമാക്കിയിരുന്നതാണ്. തത്ത്വാധിഷ്ഠിതമായിരുന്നു പിന്തുണ, താൽപര്യാധിഷ്ഠിതമായിരുന്നില്ല. താൽപര്യങ്ങളാണ് പ്രസ്ഥാനം വീക്ഷിക്കുന്നതെങ്കിൽ രണ്ടു തവണ സംഘടനയെ അകാരണമായി നിരോധിച്ച കോൺഗ്രസ്സിന്റെ സ്ഥാനാർഥികൾക്ക് ഒരു കാലത്തും വോട്ട് നൽകാൻ പാടില്ലാത്തതായിരുന്നു. യു.ഡി.എഫിന്റെ തെറ്റുകൾ എൽ.ഡി.എഫ് ആവർത്തിക്കുകയില്ലെന്നും പാളിച്ചകൾ തിരുത്തുമെന്നും ജമാഅത്ത് പ്രതീക്ഷിച്ചിരുന്നു. പ്രതീക്ഷ സഫലമായെന്ന് പറയാൻ വയ്യ. എന്നാൽ അതുകൊണ്ടുമാത്രം യു.ഡി.എഫ് മെച്ചമായി എന്നും കരുതാനാവില്ല. ഏതാണ്ടൊരുപോലുള്ള രണ്ട് മുന്നണികൾക്കിടയിൽ നിരാശരും ആശയക്കുഴപ്പത്തിൽ

അകപ്പെട്ടവരുമായിരിക്കുകയാണ് പൊതുവെ കേരളീയർ. ഇനിയുള്ള കാലവും ഈയവസ്ഥ തുടർന്നാൽ ഇസ്‌ലാമിക പ്രസ്ഥാനം തീർച്ചയായും മാറിച്ചിന്തിക്കും. ആ ചിന്ത രണ്ടിലൊരു മുന്നണിക്ക് അനുകൂലമാവേണ്ട നിർബ ന്ധിതാവസ്ഥയൊന്നുമില്ല. മൂന്നാമതൊരു വഴിയും പ്രസക്തമായിത്തീരാം. സംഭവ ഗതികളെ സൂക്ഷ്മമായി നിരീക്ഷിക്കുക യാണ് പ്രസ്ഥാനം.

## ആർ ആരെ ഇകഴ്ത്തുന്നു?

■ *'അത്യധികം തീവ്രവാദപരമായ മൗദൂദി ചിന്തകളെ ഏതുവിധേനയെങ്കിലും ന്യായീകരിക്കാൻ ശ്രമിക്കുക, ഖുർആനിനോടും സുന്നത്തിനോടും മറ്റാരേക്കാളുമധികം പ്രതിബദ്ധത പുലർത്തി ജീവിക്കാൻ ശ്രമിക്കുന്ന സലഫികളെ എല്ലാവിധേനയും ഇകഴ്ത്തുകയും പുഛിക്കുകയും വിമർശിക്കുകയും ചെയ്യുക. ഇതാണ് ജമാഅത്ത് ലേഖകർ ഇതഃപര്യന്തം പുലർത്തിപ്പോരുന്ന പ്രബോധന രീതികൾ' എന്ന് ശബാബ് വാരിക(23-11-2007). എന്നാൽ ശബാബിലുടനീളം ജമാഅത്തിനെ 'എല്ലാ വിധേനയും ഇകഴ്ത്തുകയും പുഛിക്കുകയും വിമർശിക്കുക'യുമാണ് ചെയ്തിരിക്കുന്നതെന്ന വൈരുധ്യം നിലനിൽക്കുകയും ചെയ്യുന്നുണ്ട്. മുജീബ് എന്തുപറയുന്നു?*

***എം.എൻ മുഹമ്മദ് ഖാസിം, കാഞ്ഞിരപ്പള്ളി***

**മൗ**ദൂദി ചിന്തകൾ 'അത്യധികം തീവ്രവാദപരം' പോയിട്ട് സാമാന്യ തീവ്ര വാദപരമാണെന്ന് തെളിയിക്കാൻ പോലും സലഫി പണ്ഡിതന്മാർക്കോ ലേഖകർക്കോ സാധിച്ചിട്ടില്ല. അതുകൊണ്ടാണ് നിസ്സഹായതയുടെ പാരമ്യതയിൽ കടുത്ത മതവിരുദ്ധരെപോലും മൗദൂദിക്കെതിരെ കൂട്ടുപിടിക്കേണ്ടി വരുന്നത്. സാർവദേശീയ തലത്തിലാവട്ടെ തീവ്രവാദാരോപണം ഇന്നേറ്റവും നേരിടുന്നത് സലഫികളാണെന്ന സത്യവും ഇവർ കണ്ടില്ലെന്ന് നടിക്കുന്നു. *ദ ഹിന്ദു*വിൽ മാലദ്വീപിലെ തീവ്രവാദ പ്രവണതകളെക്കുറിച്ച് മുഖ്യലേഖനമെഴുതിയ പ്രവീൺ സ്വാമി എല്ലാറ്റിന്റെയും ഉത്തരവാദിത്വം സലഫികളിൽ കെട്ടിവെച്ചതിനു പുറമെ സലഫി പള്ളികൾ മാമൂൻ അബ്ദുൽ ഖയ്യൂമിന്റെ സർക്കാർ അടച്ചുപൂട്ടിയത് നല്ല കാര്യമായി പുകഴ്ത്തുകയും ചെയ്യുന്നു!

മൗദൂദി പ്രവാചകനോ മഹ്ദിയോ മസീഹോ ഒന്നുമല്ല. ശരിയും തെറ്റും പറ്റാവുന്ന മുജ്തഹിദായ ഒരു പണ്ഡിതനും ചിന്തകനും മാത്രം. അദ്ദേഹത്തിന്റെ ചിന്തകളിൽ ശരിയെന്ന് ബോധ്യപ്പെട്ടത് ജമാഅത്തെ ഇസ്‌ലാമി സ്വീകരിക്കുന്നു. ഭിന്നാഭിപ്രായമുള്ളത് അദ്ദേഹത്തിന്റെ സ്വന്തം വീക്ഷണമായി തുറന്നു പറയുകയും ചെയ്യുന്നു. തെറ്റെന്ന് തെളിഞ്ഞ ഒരു ചിന്തയെയും പ്രസ്ഥാനം ഇന്നേവരെ ന്യായീകരിച്ചിട്ടില്ല. സലഫികൾ തെറ്റെന്ന് പറയുന്നതൊക്കെ തെറ്റാവണമെന്നില്ലെന്നത് വേറെ കാര്യം. 'ഖുർആനിനോടും സുന്നത്തിനോടും മറ്റാരേക്കാളും പ്രതിബദ്ധത പുലർത്തി ജീവിക്കാൻ ശ്രമിക്കുന്ന സലഫികൾ' എന്നൊക്കെ അതിരു കവിഞ്ഞ അവകാശവാദം ഉന്നയിക്കുന്നവർ ചുരുങ്ങിയത് ജിന്നിന്റെയും സിഹ്റിന്റെയും പേരിൽ തമ്മിൽതല്ലി പനമരത്തും ചങ്ങരംകുളത്തുമായി, ചേരിതിരിഞ്ഞു പണവും സമയവും ഊർജവും ധൂർത്തടിക്കുന്നതിന്റെ ഖുർആൻ-സുന്നത്ത് മാനമെങ്കിലും ജനങ്ങളെ ബോധ്യപ്പെടുത്താൻ ബാധ്യസ്ഥരാണ്.

## റബർ കൃഷിയുടെ സ്ഥാനം

■ *ഭൂമിയിലെ മനുഷ്യരടക്കമുള്ള ജീവജാലങ്ങൾക്ക് പലവിധത്തിലും ഉപയോഗപ്പെടുന്ന പരമ്പരാഗത കൃഷികളായ തെങ്ങിൻ തോട്ടങ്ങളും മറ്റു ഫലവൃക്ഷ കൃഷികളും പിഴുതെറിഞ്ഞ് റബർ കൃഷി ചെയ്യുന്നു. കൃഷിപ്പണി പുണ്യകർമമാണെന്നു പഠിപ്പിച്ച ഇസ്‌ലാമിൽ റബർ കൃഷിയുടെ സ്ഥാനം?*

***അലവി വീരമംഗലം***

**മ**നുഷ്യർക്ക് പ്രയോജനകരമായതെന്തും കൃഷിചെയ്യാം. ഭക്ഷ്യവിളകളെന്നോ, നാണ്യ വിളകളെന്നോ വേർതിരിക്കുന്നത് ഭൂപ്രകൃതി, കൃഷിച്ചെലവ്, ആദായം പോലുള്ള പലഘടകങ്ങളെയും ആശ്രയിച്ചിരിക്കും. കൃഷിയോഗ്യമായ ഭൂമി തരിശിടരുത് എന്നാണ് പ്രവാചകൻ പഠിപ്പിച്ചത്. ഒരു പ്രത്യേക കൃഷി ചെയ്യാൻ നിർദേശിച്ചിട്ടില്ല. 'നിങ്ങളുടെ ഭൗതിക കാര്യങ്ങൾ നിങ്ങൾക്കാണ് നന്നായറിയുക' എന്ന് പ്രവാചകൻ പ്രതികരിച്ചതും കൃഷിയുടെ കാര്യത്തിലാണ്. റബ്ബർ ആവശ്യമുള്ള വസ്തുവാണ്. അത് ലാഭകരമായി കാണുന്നവർ അത് കൃഷി ചെയ്യട്ടെ. ആവശ്യവും മുൻഗണനാക്രമവുമനുസരിച്ച് കൃഷിഭൂമിയുടെ വിനിയോഗം വ്യവസ്ഥപ്പെടുത്തേണ്ടത് സർക്കാറുകളാണ്. ഒരു ഇസ്‌ലാമിക സർക്കാറാണെങ്കിൽ ജനങ്ങളുടെ പ്രാഥമിക ജീവിതാവശ്യങ്ങൾക്കാണ് ഏതു മേഖലയിലും മുൻഗണന നൽകുക. ■